**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8113 17.07.2014-ൽ മറുപടിക്ക്**

**<u>അസിസ്റ്റന്റ് സർജൻമാരുടെ ജില്ലതിരിച്ചുള്ള കണക്ക്</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കോലിയക്കോട്.എൻ. കൃഷ്ണൻ നായർ** | **ശ്രീ.വി.എസ്.ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

(എ) ആരോഗ്യ വകുപ്പിന് കീഴിൽ അസിസ്റ്റന്റ് സർജൻമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ;

(എ) ആരോഗ്യ വകുപ്പിന് കീഴിൽ അസിസ്റ്റന്റ് സർജൻമാരുടെ 140 ഒഴിവുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ വിവരിക്കുന്നു.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 15 |
| 2 | കൊല്ലം | 10 |
| 3 | ആലപ്പുഴ | 11 |
| 4 | പത്തനംതിട്ട | 4 |
| 5 | ഇടുക്കി | 10 |
| 6 | കോട്ടയം | 9 |
| 7 | എറണാകുളം | 4 |
| 8 | തൃശ്ശൂർ | 5 |
| 9 | പാലക്കാട് | 19 |
| 10 | മലപ്പുറം | 10 |
| 11 | കോഴിക്കോട് | 3 |
| 12 | വയനാട് | 9 |
| 13 | കണ്ണൂർ | 15 |
| 14 | കാസർഗോഡ് | 16 |
| | **ആകെ** | 140 |

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിനായി ഏതെല്ലാം ജില്ലകളിൽ പി.എസ്.സി ലിസ്റ്റ് നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ നിയമനം സംസ്ഥാന തലത്തിലുള്ള ലിസ്റ്റിൽ നിന്നാണ്. അസിസ്റ്റന്റ് സർജൻ തസ്തികയുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(സി) ഈ ലിസ്റ്റുകളിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും **492** പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. **198** പേർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

(ഡി) അസിസ്റ്റന്റ് സർജൻ തസ്തികയിലേക്ക് 2014 വർഷം അവസാനിക്കുമ്പോൾ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) 2014 വർഷം അവസാനിക്കുമ്പോൾ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

Sobha
സെക്ഷൻ ഓഫീസർ